## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4952 1.7.2013 ൽ മറുപടിക്ക്**

**സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ. റ്റി.വി. രാജേഷ്**<br>**ശ്രീ. ബാബു.എം. പാലിശ്ശേരി** | **തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സേനയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോ; | എ) ഉണ്ടായിരുന്നു. |
| ബി) ഇത് സംബന്ധിച്ച് സ്റ്റേറ്റ് പോലീസ് ചീഫിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;<br>സി) അന്വേഷണ ഏജൻസികൾക്ക് രാഷ്ട്രീയ യജമാനൻമാരിൽ നിന്ന് നിർദ്ദേശം സ്വീകരിക്കേണ്ടിവരുന്നുവെന്ന് സുപ്രീം കോടതി ആക്ഷേപിച്ചതായ സാഹചര്യം ഉണ്ടായ സ്ഥിതിക്ക് സ്വതന്ത്രമായ ഒരു അന്വേഷണ വിഭാഗത്തിന് രൂപം നൽകുന്നുണ്ടോ? | (ബി)യും, (സി)യും)<br>സംസ്ഥാന പോലീസിലെ പ്രഗൽഭരായ ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി കുറ്റാന്വേഷണം നടത്താനുതകുന്ന തരത്തിൽ ഒരു സ്വതന്ത്ര അന്വേഷണ ഏജൻസി രൂപീകരിക്കുന്നതിനാണ് സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ വഴി ഉദ്ദേശിക്കുന്നത്.<br>സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന വളരെ ഗുരുതരവും പ്രമാദവുമായ കേസ്സുകളുടെ അന്വേഷണത്തിനായി ഇത്തരത്തിലുള്ള ഒരു ഏജൻസി രൂപീകരിക്കാവുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി ശുപാർശ ചെയ്തിരുന്നു. ഇതു സംബന്ധിച്ച് പഠിച്ചു 21.3.2013 മുതൽ 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ ഡി.ജി.പി ശ്രീ. പ്രേം ശങ്കറെ നിയമിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**